**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ നഗരസഭയിലെ സാനിട്ടേഷൻ വർക്കറായ ശ്രീമതി.ഷെരീഫാബിയുടെ പിതാവിന്റെ (ശ്രീ.അബ്ദുൾ ഖാദർ) യൂറിനറി സംബന്ധനമായ അസുഖത്തിന്റെ ചികിത്സയ്ക്ക് മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചെലവായ തുക മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.924/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 02/05/2019

പരാമർശം :
1) ശ്രീമതി.ടി.പി.ഷെരീഫാബി 25/12/2014 തീയതിയായി സമർപ്പിച്ചിട്ടുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ.
2) കണ്ണൂർ നഗരസഭാ സെക്രട്ടറിയുടെ 23/03/2015 തീയതിയിലെ എച്ച്1-29285/14 നമ്പർ കത്ത്.
3) കണ്ണൂർ നഗരസഭാ കൗൺസിലിന്റെ 16/06/2015 തീയതിയിലെ 31-ാം നമ്പർ തീരുമാനം.
4) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/02/2016 തീയതിയിലെ എംഎച്ച്2/52950/2015/ഡി.എച്ച്.എസ് നമ്പർ കത്ത്.
5) നഗരകാര്യ ഡയറക്ടറുടെ 04/12/2017, 24/09/2018 തീയതികളിലെ ഡിസി1-7312/15 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

കണ്ണൂർ നഗരസഭയിലെ സാനിട്ടേഷൻ വർക്കറായ ശ്രീമതി.ഷെരീഫാബിയുടെ പിതാവിന്റെ (ശ്രീ.അബ്ദുൾ ഖാദർ) യൂറിനറി സംബന്ധനമായ അസുഖത്തിന്റെ ചികിത്സയ്ക്ക് മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചെലവായ 62,178/- രൂപ (അറുപത്തി രണ്ടായിരത്തി നൂറ്റി എഴുപത്തി രണ്ടു രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിലേയ്ക്ക് പരാമർശം (1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ, പരാമർശം (4) പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടിയാരിക്ക് 20,784/- രൂപ (ഇരുപതിനായിരത്തി എഴുന്നൂറ്റി എൺപത്തി നാലു രൂപാ മാത്രം) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിൽ അർഹതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയുണ്ടെന്നും, എന്നാൽ സംസ്ഥാനത്തിന് പുറത്ത് ചികിത്സ തേടാൻ (യൂണിറ്റി ആശുപത്രി, മംഗലാപുരം) മുൻകൂർ അനുമതി വാങ്ങാത്തതിനാൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണെന്നും, ശ്രീമതി.ഷെരീഫാബിയുടെ പിതാവ് (ശ്രീ.അബ്ദുൾ ഖാദർ) സർവ്വീസ് പെൻഷണർ അല്ലായെന്നും പരാമർശം (5) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ നഗരസഭയിലെ സാനിട്ടേഷൻ വർക്കർ ശ്രീമതി.ഷെരീഫാബിയുടെ പിതാവിന്റെ (ശ്രീ.അബ്ദുൾ ഖാദർ) യൂറിനറി സംബന്ധനമായ അസുഖത്തിന്റെ ചികിത്സയ്ക്ക് മംഗലാപുരം യൂണിറ്റി ആശുപത്രിയിൽ ചെലവായ തുകയിൽ, പരാമർശം (4) പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത 20,784/- രൂപയുടെ (ഇരുപതിനായിരത്തി എഴുന്നൂറ്റി എൺപത്തി നാലു രൂപാ മാത്രം) 80% തുകയായ 16,627/- രൂപ (പതിനാറായിരത്തി അറുനൂറ്റി ഇരുപത്തിയേഴ് രൂപാ മാത്രം),

പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ നഗരകാര്യ ഡയറക്ടർ, കണ്ണൂർ നഗരസഭാ സെക്രട്ടറി എന്നിവർ പരിശോധിച്ച് ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും, തുടർ പരിശോധനയിൽ ക്രമപ്രകാരമല്ലാതെയോ അധികമായോ തുക മാറി നൽകിയതായി കാണുന്നപക്ഷം അപേക്ഷക പ്രസ്തുത തുക തിരിച്ചടയ്ക്കാൻ ബാധ്യസ്ഥയാണെന്ന വ്യവസ്ഥയിലും, ടി തുക കണ്ണൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കണമെന്ന വ്യവസ്ഥയിലും, കേരള ഗവണ്മെന്റ് എംപ്ലോയീസ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960 ബാധകമാക്കിയ 1998 ലെ കേരള മുൻസിപ്പാലിറ്റീസ് (എംപ്ലോയീസ് മെഡിക്കൽ അറ്റൻഡന്റ്സ്) റൂൾ പ്രകാരം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും ഉൾപ്പെടെ)
സെക്രട്ടറി, കണ്ണൂർ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ